# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 952 — 12/12/2012-ൽ മറുപടിക്ക്

## നോക്കുകൂലി വിമുക്തമാക്കുന്നത് സംബന്ധിച്ച്

**ചോദ്യം**

ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. എം.എ.വാഹിദ്
ശ്രീ. കെ.ശിവദാസൻ നായർ

**മറുപടി**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;<br>(ബി) ഏതെല്ലാം ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട് ; | (എ) & (ബി) | സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനെയും എറണാകുളം,കോഴിക്കോട് ജില്ലകളെയും നോക്കുകൂലി വിമുക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെടുന്നതായി പരാതി ലഭിക്കുന്ന അവസരത്തിൽ അതാതു അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ അടിയന്തിരമായി ഇടപെട്ട് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ വീട്ടുപകരണങ്ങൾ/കെട്ടിട നിർമ്മാണ സാമഗ്രികൾ അടക്കമുള്ള സാധനങ്ങളുടെ കയറ്റിറക്കു കൂലി കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് നിശ്ചയിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) ഈ ജില്ലകളിലെ നോക്കുകൂലി സംബന്ധിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് | (സി) | നോക്കുകൂലി സംബന്ധിച്ച പ്രശ്നങ്ങളിൽ കർശന നടപടി എടുക്കുവാൻ ബോർഡ് ജില്ലാ കമ്മിറ്റി ചെയർമാൻമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും |

നോക്കുകൂലി കൈപ്പറ്റുന്ന തൊഴിലാളികളെ പൂളുകളിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതടക്കമുള്ള നടപടികൾ ബോർഡ് സ്വീകരിക്കുന്നുണ്ട്. നോക്കുകൂലി ഒഴിവാക്കുന്നതിനായി പ്രസിദ്ധീകരിച്ച കൂലി നിരക്കുകൾ പ്രകാരം ഉടമസ്ഥന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ബ്രാഞ്ചിലോ അടുത്തുള്ള ക്ഷേമനിധി ഓഫീസിലോ തുക ഒടുക്കി തൊഴിലാളികളെക്കൊണ്ട് കയറ്റിറക്ക് ജോലികൾ ചെയ്യിക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാതിയുണ്ടെങ്കിൽഅറിയിക്കുവാനായി അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവരുൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ടെലിഫോൺ നമ്പറുകളും കൂലി നിരക്കുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ബാക്കി ജില്ലകളെക്കൂടി നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ ?

(ഡി) ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡും ജില്ലാ ലേബർ ഓഫീസർമാരും മുൻകൈ എടുത്ത് കൊല്ലം, തൃശ്ശൂർ , പാലക്കാട് , മലപ്പുറം ജില്ലകളിൽ വീട്ടുപകരണങ്ങൾ അടക്കമുള്ള സാധനങ്ങളുടെ കയറ്റിറക്കു കൂലി ഏകീകരിച്ചുകൊണ്ട് തീരുമാനമായിട്ടുണ്ട്. മറ്റു ജില്ലകളേയും നോക്കുകൂലി വിമുക്തമായി പ്രഖ്യാപിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം നടന്നു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ